"ഭരണഭാഷ-മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായി എറർ റെക്ടിഫിക്കേഷൻ മോഡ്യൂൾ (ഇ ആർ എം) മുഖേന പിൻവലിക്കൽ നടത്തുമ്പോൾ ബന്ധപ്പെട്ട പ്രാൺ അക്കൗണ്ടിൽ നിന്നും വരിക്കാരുടെ വിഹിതവും സർക്കാർ വിഹിതവും തിരികെ സ്വീകരിക്കുന്നതിന് ട്രഷറി ഡയറക്ടറുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ക്രീംലൈനിംഗ്) വകുപ്പ്

സ.ഉ. (സാധാ)നം. 2350/2020 /ധന **തീയതി, തിരുവനന്തപുരം, 20/03/2020**

പരാമർശം :- ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ 20/01/2020 തീയതിയിലെ TRY/13283/2019-c NPS 2 നമ്പർ കത്ത്.

ഉത്തരവ്

ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായി എറർ റെക്ടിഫിക്കേഷൻ മോഡ്യൂൾ (ഇ ആർ എം) മുഖേന പിൻവലിക്കൽ നടത്തുമ്പോൾ ബന്ധപ്പെട്ട പ്രാൺ അക്കൗണ്ടിൽ നിന്നും വരിക്കാരുടെ വിഹിതവും സർക്കാർ വിഹിതവും തിരികെ സ്വീകരിക്കുന്നതിനായി ട്രഷറി ഡയറക്ടറുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായി എറർ റെക്ടിഫിക്കേഷൻ മോഡ്യൂൾ (ഇ ആർ എം) മുഖേന പിൻവലിക്കൽ നടത്തുമ്പോൾ ബന്ധപ്പെട്ട പ്രാൺ അക്കൗണ്ടിൽ നിന്നും വരിക്കാരുടെ വിഹിതവും സർക്കാർ വിഹിതവും തിരികെ സ്വീകരിക്കുന്നതിനു മാത്രമായി ട്രഷറി ഡയറക്ടറുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. റിസർവ്വ് ബാങ്ക് വഴി ആക്സിസ് ബാങ്കിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലാ/ സബ് ട്രഷറികളിൽ എൻ.പി.എസ് ഫണ്ട് ട്രാൻസ്ഫറിനു വേണ്ടി ആരംഭിച്ചിട്ടുള്ള നിലവിലുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ്. എ
അണ്ടർ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ (NPS) വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ